# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യുക്രെൻ സന്ദർശനം പൂർത്തിയായി; സന്ദർശനം ചരിത്രപരമായിരുന്നുവെന്ന് പ്രധാനമന്ത്രി; റഷ്യയുമായുള്ള സംഘർഷം അവസാനിപ്പിക്കാൻ ഇന്ത്യക്ക് നിർണായക ഇടപെടൽ നടത്താനാകുമെന്ന് യുക്രെൻ പ്രസിഡന്റ് വൊളോഡിമർ സെലെൻസ്കി.

   **Prime Minister Narendra Modi's visit to Ukraine is completed; Prime Minister said the visit was historic; Ukraine President Volodymyr Zelensky said that India can make a decisive intervention to end the conflict with Russia.**

2. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ അമേരിക്കൻ സന്ദർശനം തുടരുന്നു; യു.എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനുമായി ഉഭയകക്ഷി ചർച്ച നടത്തി.

   **Defence Minister Rajnath Singh held a bilateral meeting with the US Secretary of Defense Lloyd Austin.**

3. കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നത് നിരീക്ഷിക്കാൻ മന്ത്രിതല സമിതി രൂപീകരിക്കണമെന്ന് സംസ്ഥാനങ്ങളോട് ഭക്ഷ്യ സുരക്ഷാ സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ.

**The Food Safety and Standards Authority of India has urged states to establish inter-ministerial committee to focus on reducing pesticide use and developing strategies to monitor and regulate pesticide at the farmer level.**

4. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ഡിജിറ്റലായി പണമടയ്ക്കാൻ സംവിധാനം ഒരുങ്ങുന്നതായി മന്ത്രി വീണാ ജോർജ്.

   **Minister Veena George said that the digital payment system is being prepared in government hospitals in Kerala.**

5. ഡ്യൂറൻഡ് കപ്പ് ഫുട്ബോൾ ക്വാർട്ടറിൽ ബെംഗളൂരു എഫ്. സിയോട് പരാജയപ്പെട്ട് കേരള ബ്ലാസ്റ്റേഴ്സ് പുറത്ത്.

   **Bengaluru FC get into the semifinals of the Durand Cup after beating Kerala Blasters**

*************************************

## PRIME MINISTER - UKRAINE

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ യുക്രൈൻ സന്ദർശനം പൂർത്തിയായി. സന്ദർശനം ചരിത്രപരമായിരുന്നുവെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്നലെ യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി ശ്രീ.മോദി കൂടിക്കാഴ്ച

നടത്തിയിരുന്നു. റഷ്യയുമായുള്ള സംഘർഷം അവസാനിപ്പിക്കാൻ സമാധാനപരമായ ശ്രമങ്ങളാണ് ആവശ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. നയതന്ത്രമാർഗ്ഗങ്ങളിലൂടെ പ്രശ്നം പരിഹരിക്കണമെന്ന നിലപാട് ഇന്ത്യ ആവർത്തിച്ചു. ഗാന്ധിജി നൽകിയ സമാധാനത്തിൻറെ സന്ദേശം, സമകാലിക ലോകം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ മാർഗ്ഗമൊരുക്കുന്നതായി ശ്രീ മോദി പറഞ്ഞു.

റഷ്യയുമായുള്ള സംഘർഷം അവസാനിപ്പിക്കാൻ ഇന്ത്യക്ക് നിർണായക ഇടപെടൽ നടത്താൻ സാധിക്കുമെന്ന് യുക്രൈൻ

പ്രസിഡൻറ് വൊളോഡിമിർ സെലെൻസ്കി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സന്ദർശനത്തിനിടെ വ്യാപാരബന്ധം, കൃഷി, പ്രതിരോധം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിലെ സഹകരണം സംബന്ധിച്ച ചർച്ചകൾ നടന്നു. യുക്രെയ്ൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയ്ക്കൊപ്പം, അദ്ദേഹം കീവിലെ ദേശീയ ചരിത്ര മ്യൂസിയത്തിൽ രക്തസാക്ഷികളായ കുട്ടികളെക്കുറിച്ചുള്ള പ്രദർശനം വീക്ഷിച്ചു. സംഘർഷത്തിൽ കുരുന്നു ജീവനുകൾ പൊലിഞ്ഞതിൽ ദുഃഖം രേഖപ്പെടുത്തിയ ശ്രീ മോദി കുട്ടികളുടെ ഓർമകളോടുള്ള ആദരസൂചകമായി കളിപ്പാട്ടവും സമർപ്പിച്ചു. കീവിലെ മഹാത്മാഗാന്ധി പ്രതിമയിലും അദ്ദേഹം ആദരാഞ്ജലികൾ അർപ്പിച്ചു.

***********************************

## RAJNATH – US VISIT

അമേരിക്കൻ സന്ദർശനം തുടരുന്ന രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് യു.എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനുമായി ഉഭയകക്ഷി ചർച്ച നടത്തി. വാഷിംഗ്ടൺ ഡിസിയിലെ പെൻ്റഗണിലായിരുന്നു കൂടിക്കാഴ്ച. ഉഭയകക്ഷി പ്രതിരോധ സഹകരണം, വ്യാവസായിക സഹകരണം, പ്രാദേശിക സുരക്ഷ എന്നിവയെക്കുറിച്ച് ഇരു നേതാക്കളും വിശദമായ ചർച്ചകൾ നടത്തി. ക്വാഡ് സംരംഭമായ ഇൻഡോ-പസഫിക് നാവിക സേനാധിപത്യത്തെക്കുറിച്ചുള്ള അവബോധം പ്രവർത്തനക്ഷമമാക്കുന്നതിൽ ഇന്ത്യയുടെ നിരന്തരമായ ശ്രമങ്ങളെയും കൈവരിച്ച പുരോഗതിയെയും ഇരു മന്ത്രിമാരും അഭിനന്ദിച്ചു.

***********************************

## INDIA SPACE – JITHENDRA SINGH

2040-ഓടെ ഒരു ഇന്ത്യക്കാരൻ ചന്ദ്രോപരിതലത്തിൽ ഇറങ്ങുമെന്ന് കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ന്യൂ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്നലെ നടന്ന ദേശീയ ബഹിരാകാശ ദിന ആഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2035-ഓടെ ഭാരതീയ അന്തരിക്ഷ സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതും 2040-ഓടെ ഇന്ത്യൻ ബഹിരാകാശയാത്രികർ ചന്ദ്രനിൽ ഇറങ്ങുന്നതും ഉൾപ്പെടുന്ന സ്പേസ് വിഷൻ 2047-ൻ്റെ രൂപരേഖ ഡോ. ജിതേന്ദ്ര സിംഗ് വിശദീകരിച്ചു. ലോ എർത്ത് ഓർബിറ്റിൽ മനുഷ്യ ബഹിരാകാശ യാത്രയിൽ നിന്ന് ഒരു തദ്ദേശീയ ബഹിരാകാശ നിലയത്തിൽ സ്വന്തം ശാസ്ത്രീയ പ്രവർത്തനങ്ങൾ വരെയുള്ള ഇന്ത്യയുടെ ബഹിരാകാശ യാത്ര ചാന്ദ്ര പര്യവേക്ഷണത്തിലും അതിനപ്പുറവും നയിക്കുമെന്ന് കേന്ദ്ര സഹമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

***********************************

## AMIT SHAH – CHHATTISGARH

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഛത്തീസ്ഗഢിലെത്തി. നക്സൽ വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഇന്ന് നടക്കുന്ന യോഗങ്ങളിൽ അദ്ദേഹം അധ്യക്ഷത വഹിക്കും. റായ്പൂർ ജില്ലയിലെ ചമ്പാരൻ പട്ടണത്തിലുള്ള മഹാപ്രഭു വല്ലഭാചാര്യയുടെ ആശ്രമത്തിലും അദ്ദേഹം സന്ദർശിക്കും. തുടർന്ന്, അന്തർസംസ്ഥാന ഏകോപനവുമായി ബന്ധപ്പെട്ട് ഛത്തീസ്ഗഢിലെയും അയൽ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാരുടെയും പൊലീസ് മേധാവിമാരുടെയും യോഗത്തിലും ശ്രീ അമിത്ഷാ പങ്കെടുക്കുന്നുണ്ട്. നാളെ, റായ്പൂരിലെ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ഓഫീസിന്റെ ഉദ്ഘാടന പരിപാടി, സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിപുലീകരണ യോഗം എന്നിവയിലും കേന്ദ്ര ആഭ്യന്തര മന്ത്രി സന്നിഹിതനാകും.

**********************************

## PIYUSH GOYAL-VIKSIT BHARAT

വികസിത രാജ്യങ്ങൾ സാമ്പത്തിക മാന്ദ്യവും ഉയർന്ന പണപ്പെരുപ്പവും നേരിടുമ്പോൾ ഇന്ത്യ ഇന്ന് ലോകത്ത് വിലമതിക്കാനാവാത്ത സ്ഥാനത്താണെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ഇന്ത്യയുടെ വളർച്ച ഇരട്ട അക്കത്തിൽ കാണാൻ താൻ ആഗ്രഹിക്കുന്നുവെന്നും മുംബൈയിൽ ഒരു ചടങ്ങിൽ സംസാരിക്കവെ അദ്ദേഹം അറിയിച്ചു. ലോകമെമ്പാടുമുള്ള വിവിധ സ്ഥലങ്ങളിൽ യുദ്ധങ്ങൾ ഉണ്ടായിട്ടും ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയും കയറ്റുമതിയും വളരുകയാണെന്നും ശ്രീ. ഗോയൽ കൂട്ടിച്ചേർത്തു. സാമ്പത്തിക അഭിവൃദ്ധിയും ഡിമാൻഡും സൂചിപ്പിക്കുന്ന ഇറക്കുമതിയും വളരുന്നുണ്ടെന്നും ഇത് നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുകയും രാജ്യത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

**********************************

## FSSAI - FARMERS

കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും കർഷകരുടെ തലത്തിൽ തന്നെ കീടനാശിനികൾ

നിയന്ത്രിക്കുന്നതിനുമുള്ള നയങ്ങൾ വികസിപ്പിക്കാൻ മന്ത്രിതല സമിതി രൂപീകരിക്കണമെന്ന് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ- സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. കേന്ദ്ര ഉപദേശക സമിതിയുടെ 44-ാം മത് യോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട് F.S.S.A.I - സി.ഇ.ഒ. ജി.കമലവർദ്ധന റാവു ആണ് ഇക്കാര്യം പറഞ്ഞത്. കാർഷിക രീതികൾ സുരക്ഷിതവും സുസ്ഥിരവുമായി തുടരുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഭക്ഷണത്തിലെ കീടനാശിനികളുടെ അവശേഷിപ്പുകളുമായി ബന്ധപ്പെട്ട ആരോഗ്യ

പ്രശ്നങ്ങളിൽ നിന്ന് ഇത് ഉപഭോക്താക്കളെ സംരക്ഷിക്കും. ഫുഡ് സേഫ്റ്റി ഓൺ വീൽസ് എന്ന മൊബൈൽ ലാബുകൾ വിന്യസിക്കാൻ കഴിയുന്ന സംസ്ഥാനങ്ങളിലെ പ്രധാന സ്ഥലങ്ങൾ തിരിച്ചറിയേണ്ടതിൻ്റെ ആവശ്യകതയെ കുറിച്ചും ശ്രീ. റാവു പറഞ്ഞു. ഉപഭോക്തൃ അവബോധം വളർത്തുന്നതിനും ഭക്ഷ്യസുരക്ഷാ സമ്പ്രദായങ്ങളെക്കുറിച്ചുള്ള നിർണായക വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ഈ മൊബൈൽ ലാബുകൾ സഹായകമാകുമെന്നും F.S.S.A.I സി.ഇ.ഒ അഭിപ്രയപ്പെട്ടു.

**********************************

## WAYANAD UPDATE

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പിലെ 900 ത്തിലധികം കുടുംബങ്ങൾ താൽക്കാലിക വീടുകളിലേയ്ക്ക് മാറി. ഇനി ക്യാമ്പിൽ 16 കുടുംബങ്ങളാണ് ഉള്ളത്. ഈ മാസം 27 നകം പുനരധിവാസം പൂർത്തിയാക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. താൽക്കാലിക വീടുകളിലേയ്ക്ക് മാറിയ കുടുംബങ്ങൾക്ക് 6,000 രൂപ വീതം സർക്കാർ വാടക ഇനത്തിൽ നൽകും.

**********************************

## KERALA HOSPITAL O.P

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ വിവിധ സേവനങ്ങൾക്കുള്ള തുക ഡിജിറ്റലായി അടയ്ക്കാനുള്ള സംവിധാനങ്ങളൊരുങ്ങുന്നതായി മന്ത്രി വീണാ ജോർജ്. പി.ഒ.എസ് മെഷീൻ വഴിയാണ് ഡിജിറ്റലായി പണം അടയ്ക്കുന്നതിനുള്ള സംവിധാനമൊരുക്കുന്നത്. ഇ- ഹെൽത്ത് പദ്ധതി നടപ്പിൽ വരുത്തിയിട്ടുള്ള താലൂക്ക് ആശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ആദ്യ ഘട്ടത്തിൽ നടപ്പിലാക്കും. ഡെബിറ്റ്

കാർഡ്, ക്രെഡിറ്റ് കാർഡ്, യു.പി.ഐ മുതലായവ വഴി ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ആദ്യഘട്ടമായി ഇ-ഹെൽത്ത് നടപ്പിലാക്കിയ 63 ആശുപത്രികളിലാണ് ഈ സംവിധാനമൊരുക്കുക എന്നും മന്ത്രി പറഞ്ഞു.

**********************************

## HEALTH MIN – DRESS CODE

കോൺവൊക്കേഷൻ ചടങ്ങുകൾക്കായി പുതിയ ഡ്രസ് കോഡ് രൂപകൽപന ചെയ്യാൻ എല്ലാ കേന്ദ്ര സർക്കാർ ആശുപത്രികളോടും മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളോടും കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ ആശുപത്രികളുടെയും മെഡിക്കൽ ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും മേധാവികൾക്ക് മന്ത്രാലയം കത്തയച്ചു. ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതി ചെയ്യുന്ന സംസ്ഥാനത്തെ പ്രാദേശിക പാരമ്പര്യങ്ങളെ അടിസ്ഥാനമാക്കി കോൺവൊക്കേഷൻ ചടങ്ങിന് അനുയോജ്യമായ ഇന്ത്യൻ ഡ്രസ് കോഡ് രൂപകൽപന ചെയ്യാൻ മന്ത്രാലയം ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് നിർദ്ദേശം നൽകി. കൊളോണിയൽ പൈതൃകങ്ങളിൽ നിന്ന് വേർപെടുത്തുന്നതിനും ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക മുദ്രകൾ ഉൾക്കൊള്ളുന്നതിനുമുള്ള ഒരു ചുവടുവെയ്പ്പായി ഈ മാറ്റത്തെ കാണണമെന്നും മന്ത്രാലയം വ്യക്തമാക്കി.

**********************************

## EDUCATION MINISTRY GUIDELINES

രാജ്യത്തുടനീളമുള്ള സ്കൂളുകളിലെ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനായുള്ള 2021-ലെ മാർഗനിർദേശങ്ങൾ നടപ്പാക്കാൻ സംസ്ഥാനങ്ങൾക്കും പ്രദേശങ്ങൾക്കും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം നിർദേശം നൽകി. സർക്കാർ, എയ്ഡഡ്, സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ സുരക്ഷയിൽ സ്കൂൾ മാനേജ്മെന്റിന്റെ ഉത്തരവാദിത്തം ഉറപ്പാക്കുന്ന വ്യവസ്ഥകൾ

ഉൾപ്പെടുത്തിയുള്ളതാണ് ഇത്. മന്ത്രാലയത്തിന് കീഴിലുള്ള സ്കൂൾ വിദ്യാഭ്യാസ, സാക്ഷരതാ വകുപ്പു പോക്സോ മാർഗനിർദേശക രേഖകൾ കൂടി ഉൾപ്പെടുത്തിയാണ് നിർദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

**********************************

## MEDICINES BANNED

ആരോഗ്യത്തിന് ഹാനികരമാണെന്ന കണ്ടെത്തലിൻറെ പശ്ചാത്തലത്തിൽ ആൻറിബയോട്ടിക്കുകളും വേദന സംഹാരികളും മൾട്ടി വൈറ്റമിനുകളും ഉൾപ്പെടെ 156 മരുന്നുകൾ കേന്ദ്ര സർക്കാർ നിരോധിച്ചു. ഇവയുടെ സംയുക്തങ്ങൾ ശരിയായ രീതിയിലുള്ളതല്ലെന്നാണ് കണ്ടെത്തിയത്. ഇവയ്ക്ക് പകരം മരുന്നുകൾ വിപണിയിൽ ലഭ്യമാണ്.

**********************************

## DURAND CUP

ഡ്യൂറൻഡ് കപ്പ് ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ്, സെമി ഫൈനൽ കാണാതെ പുറത്ത്. ക്വാർട്ടർ ഫൈനലിൽ ബെംഗളൂരു എഫ്. സിയോട് ബ്ലാസ്റ്റേഴ്സ് പരാജയപ്പെട്ടു. എതിരില്ലാത്ത ഒരു ഗോളിലായിരുന്നു ബെംഗളൂരുവിന്റെ ജയം. മത്സരത്തിന്റെ അധികസമയത്ത്, 95-ാം മിനുറ്റിൽ പെരേര ഡയസ് നേടിയ ഗോളാണ് ബെംഗളൂരുവിനെ സെമിയിലെത്തിച്ചത്. ഈ മാസം 27 ന് നടക്കുന്ന സെമിയിൽ ബെംഗളൂരു നിലവിലെ ചാമ്പ്യൻമാരായ മോഹൻ ബഗാൻ സൂപ്പർ ജയൻറ്സിനെ നേരിടും.

**********************************

## UNDER-17 WORLD CHAMPIONSHIP

ജോർദാനിലെ അമ്മാനിൽ നടക്കുന്ന അണ്ടർ 17 ഗുസ്തി ലോക ചാമ്പ്യൻഷിപ്പിൽ മികച്ച മുന്നേറ്റം കാഴ്ച വച്ച് ഇന്ത്യൻ വനിതകൾ. അഞ്ച് സ്വർണവും ഒരു വെള്ളിയും രണ്ട് വെങ്കലവുമടക്കം എട്ട്

മെഡലുകളാണ് ഇന്ത്യൻ താരങ്ങൾ നേടിയത്. 43 കിലോഗ്രാം വിഭാഗത്തിൽ അദിതി കുമാരി, 57 കിലോഗ്രാം വിഭാഗത്തിൽ നേഹ, 65 കിലോഗ്രാം വിഭാഗത്തിൽ പുൽകിത്, 69 കിലോഗ്രാം വിഭാഗത്തിൽ കാജൽ, 73 കിലോഗ്രാം വിഭാഗത്തിൽ മാനസി ലാതർ എന്നിവരാണ് സ്വർണം കരസ്ഥമാക്കിയത്.

*********************************************************************

*********